പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3429 — 16.12. 2015-ൽ മറുപടിക്ക്

## ഖരമാലിന്യ സംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ ) | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാപഞ്ചായത്തുകളിലൂടെ ഖരമാലിന്യ സംസ്ക്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ സ്ഥായിയായി നടപ്പിലാക്കാൻ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണത്തിന് തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു. ഇതിനായി സംസ്ഥാന പ്ലാൻ ഫണ്ടും കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടും ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.<br>ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ജൈവമാലിന്യ സംസ്കരണത്തിന് പൊതു പ്ലാന്റ്, നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, കമ്യൂണിറ്റിതലത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പുനഃചംക്രമണമൂല്യമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച്, തരംതിരിച്ച്, പുനരുപയോഗം/പുനഃചംക്രമണത്തിനായി നൽകുന്നതിനുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, ദ്രവമാലിന്യ പരിപാലന സംവിധാനം എന്നിങ്ങനെ പദ്ധതികൾ സ്ഥായിയായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതികൾ പരിഷ്ക്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ബി) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ശുചിത്വമിഷൻ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കു കൂടി മുൻഗണന നൽകിക്കൊണ്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ